# ഭരണവിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്ററുടെ നടപടി ഉത്തരവ്

പുറപ്പെടുവിക്കുന്നത് : കെ.ജി.മോഹൻലാൽ

വിഷയം:- വനംവകുപ്പ് - ജീവനക്കാര്യം-ഡ്രൈവർമാരുടെ 01.01.2014 തീയതി കണക്കാക്കിയുള്ള സംസ്ഥാനതല അന്തിമ സീനിയോറിറ്റി ലിസ്റ്റിലെ അപാകതകൾ പരിഹരിക്കുന്നതിനു താൽക്കാലികമായി തീരുമാനിച്ചുകൊണ്ട് പുറപ്പെടുവിക്കുന്ന ഉത്തരവ് - സംബന്ധിച്ച്.

സൂചന:-
1. ഈ ഓഫീസിലെ 06.03.2015-ലെ ഇ2-6769/14 നമ്പർ ഉത്തരവ്.
2. മലയാറ്റൂർ ഡിവിഷണൽ ഫോറസ്റ്റ് ഓഫീസറുടെ 01.06.2015-ലെ ഇ1-8292/14 നമ്പർ കത്ത്.
3. ഡ്രൈവർ ശ്രീ.എൻ.എ.മനോജിന്റെ 23.05.2015-ലെ അപേക്ഷ.
4. തൃശ്ശൂർ ജില്ലാ പി.എസ്.സി ഓഫീസറുടെ 13.06.2005-ലെ RIV(1)1958/02-4 നമ്പർ നിയമന ശുപാർശ.

## ഉത്തരവ് നമ്പർ ഇ2-6769/2014 തീയതി : 26/09/2015

കേരള വനംവകുപ്പിൽ ജോലി നോക്കിവരുന്ന ഡ്രൈവർമാരുടെ 01.01.2014 തീയതി കണക്കാക്കിയുള്ള സംസ്ഥാനതല അന്തിമ സീനിയോറിറ്റിലിസ്റ്റ് സൂചന(1) പ്രകാരം പ്രസിദ്ധീകരിച്ചിരുന്നു. ടി സീനിയോറിറ്റി ലിസ്റ്റിൽ ക്രമനമ്പർ (96) ആയി സ്ഥാനം നിശ്ചയിച്ചിരുന്ന ഡ്രൈവർ ശ്രീ.എൻ.എ.മനോജ് സൂചന(3) പ്രകാരം സമർപ്പിച്ച അപേക്ഷയിൽ ടിയാൻ തൃശ്ശൂർ ജില്ലാ പി.എസ്.സി ഓഫീസറുടെ സൂചന (4) നിയമന ശുപാർശ പ്രകാരം നിയമിതനായ വ്യക്തിയാണെന്നും തൃശ്ശൂർ ജില്ലാ പി.എസ്.സി ഓഫീസറുടെ സൂചന (4) നിയമന ശുപാർശയിൽ തന്റെ ജൂനിയറായി ശുപാർശ ചെയ്ത ശ്രീ.പി.കെ.അമ്പളിക്കുട്ടന് തന്റെ മുകളിൽ ക്രമനമ്പർ(94) ആയി സ്ഥാനം നിശ്ചയിച്ചിട്ടുള്ളത് ക്രമപ്രകാരമല്ലാത്തതിനാൽ ആയത് പരിഹരിച്ച് ഉത്തരവാകണമെന്ന് അപേക്ഷിച്ചിട്ടുണ്ട്.

ശ്രീ.എൻ.എ.മനോജ് തന്റെ അപേക്ഷയോടൊപ്പം സമർപ്പിച്ചിട്ടുള്ള തൃശ്ശൂർ ജില്ലാ പി.എസ്.സി ഓഫീസറുടെ സൂചന (4) നിയമന ശുപാർശ പ്രകാരം വനംവകുപ്പിൽ നിയമിതരായവർക്ക് സൂചന (1) സീനിയോറിറ്റി ലിസ്റ്റ് പ്രകാരം നിശ്ചയിച്ച സ്ഥാനം ചുവടെ ചേർക്കുന്നു.

| പി.എസ്.സി ശുപാർശയിലെ ക്രമ നം. | പേര് | 01.01.2014 തീയതി കണക്കാക്കിയുള്ള അന്തിമ സീനിയോറിറ്റി ലിസ്റ്റിൽ നിശ്ചയിച്ച സ്ഥാനം |
|---|---|---|
| 1 | അനിയൻ എം.എസ്. | 95 |
| 2 | അനിൽ പി.കെ. | Expired |
| 3 | മനോജ്.എൻ.എ | 96 |
| 4 | അമ്പിളിക്കുട്ടൻ.പി.കെ. | 94 |

29/9/15

ശ്രീ.എൻ.എ.മനോജ് സമർപ്പിച്ച അപേക്ഷ പരിശോധിച്ചതിൽ ടിയാന്റെ ആവശ്യം ചട്ടപ്രകാരം പരിഗണിക്കാവുന്നതാണെന്ന് ബോദ്ധ്യപ്പെട്ടിട്ടുള്ളതിന്റെ അടിസ്ഥാനത്തിൽ സൂചന (1) പ്രകാരം പ്രസിദ്ധീകരിച്ച ഡ്രൈവർമാരുടെ 01.01.2014 തീയതി കണക്കാക്കിയുളള സംസ്ഥാനതല അന്തിമ സീനിയോറിറ്റി ലിസ്റ്റിൽ പരാതിക്കാരനു നിശ്ചയിച്ച സ്ഥാനം സൂചന (4) നിയമന ശുപാർശയിലെ ക്രമം അനുസരിച്ച് താഴെപ്പറയും പ്രകാരം പുന:ക്രമീകരിക്കുവാൻ താത്ക്കാലികമായി തീരുമാനിച്ചുകൊണ്ട് ഉത്തരവാകുന്നു.

| ക്രമനമ്പർ | പേര് | ജനന തീയതി | പി.എസ്.സി നിയമന ശുപാർശയുടെ വിവരം | സർവ്വീസിൽ പ്രവേശിച്ച തീയതി | സീനിയോറിറ്റി തീയതി | ലിസ്റ്റിലുള്ള സീനിയോറിറ്റി നമ്പർ | പുന:ക്രമീകരിച്ച സീനിയോറിറ്റി നമ്പർ |
|---|---|---|---|---|---|---|---|
| 1. | അനിയൻ എം.എസ് | 01.02.1967 | RIV(1)1958/02-4 dated:13.06.2005 | 08.07.2005 | 13.06.2005 | 95 | 94 |
| 2 | മനോജ്.എൻ.എ | 04.10.1970 | RIV(1)1958/02-4 dated:13.06.2005 | 11.07.2005 | 13.06.2005 | 96 | 95 |
| 3 | അമ്പിളിക്കുട്ടൻ.പി.കെ. | 30.05.1970 | RIV(1)1958/02-4 dated:13.06.2005 | 11.07.2005 | 13.06.2005 | 94 | 96 |

മേൽ പറയും പ്രകാരം സീനിയോറിറ്റി പുന:ക്രമീകരിക്കുന്നതിൽ ആക്ഷേപം ഉള്ളവർ ഈ ഉത്തരവ് വനം വകുപ്പ് വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ച് 15 ദിവസത്തിനകം ബന്ധപ്പെട്ട മേലധികാരികൾ വഴി അപ്പീൽ സമർപ്പിക്കേണ്ടതാണ്. സമയപരിധി കഴിഞ്ഞ് ലഭിക്കുന്ന അപ്പീലുകൾ പരിഗണിക്കുന്നതല്ല. സമയപരിധിക്കകം അപ്പീലുകൾ ഒന്നും ലഭിച്ചിട്ടില്ലായെങ്കിൽ മേൽ താത്ക്കാലിക തീരുമാനം സ്ഥിരപ്പെടുത്തുന്നതാണ്.

അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ്
കൺസർവേറ്റർ (ഭരണം)

പകർപ്പ്:
1. എല്ലാ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ/ അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ മാർക്കും/ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ/ ഫോറസ്റ്റ് കൺസർവേറ്റർ മാർക്കും
2. ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ/ വൈൽഡ് ലൈഫ് വാർഡൻമാർക്ക്.
3. വനം വകുപ്പിന്റെ വെബ് സൈറ്റിലേക്ക്.
4. സ്റ്റോക്ക് ഫയൽ/സ്പെയർ.